(സി, ഡി) 2004 വർഷം കേരളത്തിലേക്കുള്ള വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 17.28 ശതമാനം വർദ്ധനവ് മുൻ വർഷത്തെ അപേക്ഷിച്ച് ഉണ്ടായിട്ടുണ്ട്. അതുപോലെതന്നെ 2003 വർഷത്തേക്കാൾ 28.82 ശതമാനം വർദ്ധനവ് 2004 വർഷത്തിൽ ഉണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള 2005-ലെ കണക്കുകൾ ലഭ്യമായി വരുന്നതേയുള്ളു.

ടൂറിസ്റ്റുകളെ ആകർഷിക്കാൻ കെ.ടി.ഡി.സി.-യുടെ പദ്ധതികൾ

60(1536) ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാരകേന്ദ്രങ്ങളിൽ ടൂറിസ്റ്റുകളെ ആകർഷിക്കാൻ ഉതകുന്ന എന്തെല്ലാം പുതിയ പദ്ധതികളാണ് കെ.ടി.ഡി.സി. ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിനുവേണ്ടി എത്ര കോടി രൂപയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കേരളത്തനിമ നിലനിർത്തുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പ്രമുഖ വിനോദസഞ്ചാര കേന്ദ്രങ്ങളിലുള്ള കെ.ടി.ഡി.സി. ഹോട്ടലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതോടൊപ്പം പുതിയ കേന്ദ്രങ്ങളിൽ പുതിയ ഹോട്ടലുകൾ സ്ഥാപിക്കുന്നതിനുമുള്ള പദ്ധതികളാണ് കെ.ടി.ഡി.സി. ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കെ.ടി.ഡി.സി. വരുന്ന 10 വർഷത്തിനുള്ളിൽ നടപ്പാക്കാനുദ്ദേശിച്ചിട്ടുള്ള വികസനപദ്ധതികൾ ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) ഇതിനുവേണ്ടി ഉദ്ദേശം 145 കോടി രൂപ ചലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) കേരളത്തനിമ നിലനിർത്തുന്ന പദ്ധതികളായിരിക്കും കെ.ടി.ഡി.സി. ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത്.

ടൂറിസം രംഗത്തെ മുലധന നിക്ഷേപം

61(1537) ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† അനുബന്ധം - X

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം X

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 60(1536) കാണുക]

1. കോവളത്തെ ഹോട്ടൽ സമുദ്രയിൽ 400 പേർക്ക് ഇരിക്കാവുന്ന അത്യന്താധുനിക സൗകര്യങ്ങളോടുകൂടി കൺവെൻഷൻ സെന്റർ
2. മൂന്നാറിലെ 'ടി' കൗണ്ടിയിൽ പുതുതായി 30 മുറികൾ
3. കുമരകത്തെ വാട്ടർസ്പോഴ്സിൽ പുതുതായി 20 മുറികളും, 200 പേർക്ക് ഇരിക്കാൻ സൗകര്യമുള്ള കോൺഫറൻസ് ഹാളും, ആയുർവേദ സുഖചികിത്സകൾക്കുള്ള സൗകര്യവും
4. കൊച്ചി ബോൾഗാട്ടി പാലസിൽ പുതുതായി 40 മുറികളും 250 പേർക്ക് ഇരിക്കാൻ സൗകര്യമുള്ള കോൺഫറൻസ് ഹാളും, ആയുർവേദ സുഖചികിത്സകൾക്കുള്ള സൗകര്യവും
5. എറണാകുളത്തും തൃശ്ശൂരും കോഴിക്കോട്ടും പുതിയ ബിയർ പാർലറുകൾ
6. കൊച്ചിൻ റിഫൈനറിയുമായി ചേർന്നുകൊണ്ട് കെ.ടി.ഡി.സി-യുടെ ദേശീയ പാതയോരങ്ങളിൽ സ്ഥിതി ചെയ്യുന്ന മോട്ടലുകളോടു ചേർന്ന് പെട്രോൾ ബങ്കുകൾ സ്ഥാപിക്കുക
7. പൊൻമുടിയിൽ 3-സ്റ്റാർ റിസോർട്ട്
8. കന്യാകുമാരിയിൽ പുതിയ 2/3 - സ്റ്റാർ ഹോട്ടൽ
9. ചെന്നൈയിൽ പുതിയ 3-സ്റ്റാർ ഹോട്ടൽ
10. നെല്ലിയാംപതിയിൽ പുതിയ 3-സ്റ്റാർ ഹോട്ടൽ
11. വയനാട്ടിൽ പുതിയ 3-സ്റ്റാർ ഹോട്ടൽ
12. മുഴുപ്പിലങ്ങാളിൽ പുതിയ 3-സ്റ്റാർ ഹോട്ടൽ
13. ആലപ്പുഴയിലും കോഴിക്കോട്ടും പുതിയ 3/4 സ്റ്റാർ ഹോട്ടലുകൾ
14. തിരുവനന്തപുരം തമ്പാനൂരിലുള്ള ചൈത്രത്തിനെ 3-സ്റ്റാർ ഹോട്ടലായി ഉയർത്തുക
15. ഗുരുവായൂരിലെ ഹോട്ടൽ നന്ദനത്തെ 3-സ്റ്റാർ നിലവാരത്തിലോട്ട് ഉയർത്തുക
16. മലമ്പുഴ ഗാർഡൻ ഹൗസിനെ 3-സ്റ്റാർ നിലവാരത്തിലോട്ട് ഉയർത്തുക
17. പറശ്ശിനിക്കാവിൽ പുതുതായി 2-സ്റ്റാർ ഹോട്ടൽ
18. പമ്പയിലും സന്നിധാനത്തും പുതിയ 2-സ്റ്റാർ ഹോട്ടലുകൾ
19. മൂകാംബികയിൽ പുതിയ 2-സ്റ്റാർ ഹോട്ടൽ
20. വേളാങ്കണ്ണിയിൽ പുതിയ 2-സ്റ്റാർ ഹോട്ടൽ
21. ചേറ്റുവായിൽ പുതിയ 2-സ്റ്റാർ ഹോട്ടൽ
22. പ്രമുഖ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ബോട്ടിംഗിനുള്ള സൗകര്യങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly